/73905/2022

## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ: പ്രിയങ്ക.ജി IAS)**

വിഷയം:- വനിത ശിശു വികസന വകുപ്പ് – വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബത്തിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി 2022-23 - തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ.(സാധാ)നം. 524/2015/സാ.നീ.വ. തീയതി. 18.08.2015
2. ഈ കാര്യാലയത്തിലെ 16.08.2022 ലെ DWCD/3232/2022-WEC-2 നമ്പർ പരിപത്രം
3. കൊല്ലം DWCDO യുടെ 21/12/2022 ലെ DWCDO/KLM/10148/2022-D നം. കത്ത്.
4. പത്തനംതിട്ട DWCDO യുടെ 20/12/2022 ലെ WCD/PTA/A2-1250/2022 നം. കത്ത്
5. കോട്ടയം DWCDO യുടെ 09/12/2022 ലെ DWCDO(K)D-1044/2022 നം. കത്ത്
6. കോഴിക്കോട് DWCDO യുടെ 17/12/2022 ലെ DWCDO/KKD/3057/2022 നം. കത്ത്
7. കാസർഗോഡ് DWCDO യുടെ 13/12/2022 ലെ DWCDO/KSD/A5-2255/22 നം. കത്ത്

**ഉത്തരവ് നം.DWCD/3232/2022-WEC2 തീയതി: 30-12-2022**

വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷം ധനസഹായം അനുവദിച്ച് നൽകുന്നതിലേയ്ക്കായി ജില്ലാ തലത്തിൽ അപേക്ഷ സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. ജില്ലാ തലത്തിൽ ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിലെ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ പരാമർശം 3 മുതൽ 7 വരെ ശുപാർശ സമർപ്പിക്കുകയും ചുവടെ ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം തുക അനുവദിക്കുന്നതിന് അപേക്ഷിക്കുകകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | കൊല്ലം | 15 | 101500 |
| 2 | പത്തനംതിട്ട | 16 | 101000 |
| 3 | കോട്ടയം | 26 | 161500 |
| 4 | കോഴിക്കോട് | 12 | 68000 |
| 5 | കാസർഗോഡ് | 12 | 70500 |
| | ആകെ | 81 | 502500 |
| (അഞ്ച് ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) | | | |

/73905/2022

മേൽ വിവരിച്ച സാഹചര്യത്തിൽ വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി 5,02,500/- രൂപ (അഞ്ച് ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുകയായ 5,02,500/-രൂപ നടപ്പ് സാമ്പത്തിക വർഷത്തെ *2235-02-103-68-03 (പ്ലാൻ) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.*

പ്രസ്തുത തുക ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർ മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. അപേക്ഷകളും അനുബന്ധ രേഖകളും ഓഡിറ്റിനായി ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്. പരാമർശം (1) സർക്കുലറിലെ മാനദണ്ഡ പ്രകാരം മാത്രമേ തുക അനുവദിച്ച് നൽകുവാൻ പാടുള്ളൂ. ധനസഹായം അനുവദിച്ച് നൽകിയതിന് ശേഷം ധനവിനിയോഗ സാക്ഷ്യപത്രം, ചെലവ് വിവരപ്പട്ടിക എന്നിവ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ജില്ലാ വനിതാ ശിശുവികസന ഓഫീസർ,
കൊല്ലം, പത്തനംതിട്ട, കോട്ടയം, കോഴിക്കോട് ,
കാസർഗോഡ്

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :

1. സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ ( ഫണ്ട് അനുവദിക്കുന്നതിന്)
2. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

.സൂപ്രണ്ട്

ṡigned by Priyanka G
Date: 30-12-2022 00:30:54